

ഷൈനി വിൽസൺ

# ചാവറഭക്തിയിലൂടെ ആത്മവിശ്വാസം

ചാവറയച്ചന്റെ ഭക്തയാണ് ഞാൻ. ചാവറ ഭക്തിയിലാണ് ഞാൻ വളർന്നുവന്നതും. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചു കൂടുതൽ അറിഞ്ഞത് ഹൈസ്കൂൾ പഠനകാലത്താണ്. കൃത്യമായി പറഞ്ഞാൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ.

അന്ന് ഞാൻ കോട്ടയത്ത് ഗാന്ധിനഗറിലുള്ള സ്പോർട്സ് സ്കൂളിലാണു പഠിക്കുന്നത്. സ്കൂളിൽ നിന്നു കുട്ടികളെല്ലാം ഒന്നിച്ചാകും പോവുക. ഈ യാത്രകളിലാണു ചാവറയച്ചനെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അറിഞ്ഞത്.

സ്കൂളിലെ മത്സരങ്ങൾക്കു തലേന്നു മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുന്ന പതിവ് ആദ്യം തുടങ്ങി. മീറ്റുകൾക്കു പുറപ്പെടുന്നതിനുമുമ്പു മാന്നാനം പള്ളിയിൽപോയി പ്രാർഥിച്ചാലേ ആത്മവിശ്വാസം ലഭിക്കൂ. ചാവറയച്ചന്റെ പള്ളിയിൽ പോയി പ്രാർഥിച്ചിട്ടു വരുമ്പോൾ മീറ്റിൽ ജയിച്ചു മടങ്ങാമെന്നു പ്രതീക്ഷയേറും.

1984ൽ ലോസ് ആഞ്ചൽസിൽ നടന്ന ഒളിമ്പിക്സിനുശേഷവും ഞാൻ മാന്നാനം പള്ളിയിൽ പോയി. ഒളിമ്പിക്സിൽ മുന്നേറാൻ കഴിഞ്ഞതിനു നന്ദി പറയാൻ.

1985ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ എനിക്ക് റിക്കാർഡ് സ്വർണം ലഭിച്ചു. എണ്ണൂറു മീറ്ററിൽ. ഫിനിഷിംഗ് ലൈൻ മുറിച്ചുകടക്കുമ്പോൾ ആഹ്ലാദംകൊണ്ടു വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. ആദ്യം നന്ദിപറഞ്ഞതു ചാവറയച്ചനാണ്. മീറ്റ് കഴിഞ്ഞെത്തിയ ഉടൻ തന്നെ മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുകയും ചെയ്തു.

എഴുപത്തിയഞ്ചുപ്രാവശ്യം ഇന്ത്യയെ പ്രതിനിധീകരിച്ചു ട്രാക്കിലിറങ്ങാൻ കഴിഞ്ഞു. എല്ലാം ചാവറയച്ചന്റെ അനുഗ്രഹം കൊണ്ടാണെന്നു വിശ്വസിക്കുന്നു.

ഇനി ചെറിയൊരു സ്വകാര്യം: എനിക്ക് ആദ്യം ജനിച്ചവർ രണ്ടും പെൺകുട്ടികളാണ്. മൂന്നാമത് ഒരാൺകുട്ടി കൂടി വേണമെന്ന് എനിക്കും വിൽസണും വലിയ ആഗ്രഹമായിരുന്നു. അതിനായി ചാവറയച്ചനോട് പ്രാർഥിക്കുകയും ചെയ്തു. മൂന്നാമത്തെ പ്രസവത്തിൽ ആൺകുട്ടി ജനിച്ചു. അവൻ ജനിച്ചശേഷം ഞങ്ങൾ ചാവറയച്ചന്റെ പള്ളിയിൽ പോയി നന്ദി പറഞ്ഞു. എന്റെ അനുജത്തിക്കു ജോലി ലഭിക്കുന്നതിനും ഞാൻ ചാവറയച്ചനോടാണ് പ്രാർഥിച്ചത്.



ഷൈനി വിൽസനും കുടുംബവും